11

# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

15 FEBRUARY 2022




# വ്യവസായ കുതിപ്പിന് കരുത്തേകി ദുബായ് എക്സ്പോയിൽ കേരള പവലിയൻ

**ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പവലിയൻ ഉദ്ഘാടനം ചെയ്തു.**
**യു.എ.ഇ ക്യാബിനറ്റ് മന്ത്രി ഷെയ്ഖ് നഹ്യാൻ ബിൻ മുബാറക് അൽ നഹ്യാൻ മുഖ്യാതിഥി**

ചെറുകിട - ഇടത്തരം വ്യവസായങ്ങൾക്ക് ഏറ്റവും യോജിച്ച സംസ്ഥാനമായി തിളങ്ങുവാൻ ദുബായ് എക്സ്പോയിലെ ഇന്ത്യൻ പവലിയനിൽ നിക്ഷേപ സാധ്യതകളുടെ വാതിൽ തുറന്ന് കേരളവും. കേരളത്തിലെ വിവിധ വകുപ്പുകളിലെ പദ്ധതികളുടെ ഹ്രസ്വ വിഡിയോ പ്രദർശനമുൾപ്പെടെയുള്ള പവിലിയൻ 2022 ഫെബ്രുവരി നാലിന് വൈകിട്ട് ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. അബുദാബി രാജകുടുംബാംഗവും യു എ ഇ ക്യാബിനറ്റ് മന്ത്രിയുമായ ഷെയ്ഖ് നഹ്യാൻ ബിൻ മുബാറക് അൽ നഹ്യാൻ, യു.എ.ഇ അന്താരാഷ്ട്ര വ്യാപാര വകുപ്പ് മന്ത്രി ഡോ. താനി ബിൻ അഹമ്മദ് അൽ സിയൂദി എന്നിവരും മറ്റ് പ്രധാന വ്യക്തിത്വങ്ങളും ചടങ്ങിൽ പങ്കെടുത്തു.

കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമായി ഉയർത്തികാട്ടി വിദേശ നിക്ഷേപകരെ കൂടുതലായി എത്തിക്കാനുള്ള പരിപാടികളാണ് എക്സ്പോയുമായി ബന്ധപ്പെടുത്തി വിഭാവനം ചെയ്തത്. ഇതിന്റെ ഭാഗമായി രാജ്യാന്തര വ്യവസായികളെ ഉൾപ്പെടുത്തി രണ്ടു നിക്ഷേപക സംഗമങ്ങൾ ദുബായിയിൽ സംഘടിപ്പിച്ചു.




അറബ്, രാജ്യാന്തര വ്യവസായികൾക്കും മലയാളി വ്യവസായികൾക്കുമായി 2022 ഫെബ്രുവരി അഞ്ച്, ആറ് തീയതികളിലായാണ് നിക്ഷേപക സംഗമങ്ങൾ സംഘടിപ്പിച്ചത്.

ബഹു. കേരള മുഖ്യമന്ത്രി ശ്രീ.പിണറായി വിജയനെ കൂടാതെ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവും കേരള പവിലിയനിലെത്തിയിരുന്നു.

കേരളത്തിന്റെ വ്യാവസായിക സാമൂഹിക മേഖലകളെ പുതിയ ഉയരങ്ങളിലേക്ക് നയിക്കാൻ നിലനിൽക്കുന്ന നിക്ഷേപസാധ്യതകളെ പൂർണ്ണമായി ഉപയോഗിക്കുവാൻ വ്യവസായികളുടെ സഹകരണവും പിന്തുണയും ബഹു. മുഖ്യമന്ത്രി അഭ്യർത്ഥിച്ചു. കേരളത്തിന്റെ വാണിജ്യ വ്യവസായ മേഖലയിൽ പ്രകടമായ മാറ്റം സൃഷ്ടിക്കാൻ എക്സ്പോയിലൂടെ സാധിക്കുമെന്നും നിക്ഷേപക സംഗമങ്ങളും കേരളത്തിന്റെ വ്യവസായ സൗഹൃദാന്തരീക്ഷവും കൂടുതൽ സംരംഭകരെ ആകർഷിക്കുമെന്നും ബഹു. മന്ത്രി ശ്രീ. പി. രാജീവ് പറഞ്ഞു.

# നിക്ഷേപക വാതിൽ തുറന്ന് ഇൻവെസ്റ്റർ മീറ്റ്

ദുബായ് എക്സ്പോ 2020 നോടനുബന്ധിച്ച് നിക്ഷേപ സാധ്യതകളുടെ വാതിൽ തുറന്ന് ഇൻവെസ്റ്റർ മീറ്റ്. അറബ്, രാജ്യാന്തര വ്യവസായികളെ ഉൾപ്പെടുത്തി 2022 ഫെബ്രുവരി അഞ്ചാം തീയതിയാണ് ദുബായിയിലെ ഒബ്റോയ് ഹോട്ടലിൽ വ്യവസായ സംഗമം നടന്നത്. കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമായി ഉയർത്തികാട്ടി വിദേശ നിക്ഷേപകരെ ആകർഷിക്കുക എന്നതായിയിരുന്നു ഇൻവെസ്റ്റർ മീറ്റിന്റെ ലക്ഷ്യം.

ചടങ്ങിൽ ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് എന്നിവർ സന്നിഹിതരായിരുന്നു. കൂടാതെ ഇന്ത്യൻ കോൺസൽ ജനറൽ ഡോ. ശ്രീ. അമാൻപുരി ഐ.എഫ്.എസ്, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി. എം മുഹമ്മദ് ഹനീഷ് ഐ.എ.എസ്, കെഎസ്ഐഡിസി മാനേജിങ് ഡയറക്ടർ ശ്രീ. എം.ജി. രാജമാണിക്കം ഐ.എ.എസ്, ഇൻകെൽ എം.ഡി. ഡോ. ശ്രീ. ഇളങ്കോവൻ ഐ.എ.എസ്, ലുലു ഗ്രൂപ്പ് ചെയർമാനും നോർക്ക വൈസ് ചെയർമാനും അബുദാബി ചേംബർ വൈസ് ചെയർമാനുമായ ശ്രീ. എം.എ.യുസഫലി എന്നിവരും പങ്കെടുത്തു.

ഉത്തരവാദ നിക്ഷേപം ഉത്തരവാദ വ്യവസായം എന്ന നയമുയർത്തിപ്പിടിക്കുന്ന കേരളം ഈ വർഷം വ്യവസായ രംഗത്ത് മികച്ച നേട്ടം കൈവരിക്കുമെന്ന പ്രതീക്ഷ കൂടുതൽ ഊട്ടിയുറപ്പിക്കുന്നതായിരുന്നു സംരംഭക സംഗമം.




ചോദ്യോത്തര വേളയിൽ വ്യവസായലോകത്തു നിന്നുയർന്ന സംശയങ്ങൾക്ക് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് മറുപടി പറയുകയും സംഗമത്തിൽ സന്നിഹിതരായവരെ കേരളത്തിലേക്ക് വ്യവസായ നിക്ഷേപത്തിനായി ക്ഷണിക്കുകയും ചെയ്തു.




# കടൽ കടന്നും മുളപ്പെരുമ




ദുബായ് എക്സ്പോയിലെ കേരള പവലിയനിൽ കേരള സംസ്ഥാന ബാംബൂ മിഷൻ ആരംഭിച്ച മുള ഉൽപ്പന്നങ്ങളുടെ സ്റ്റാളിന് സന്ദർശകരിൽ നിന്നും ലഭിച്ചത് മികച്ച പ്രതികരണം. മുളയിൽ തീർത്ത ആകർഷകമായ കരകൗശല വസ്തുക്കളും പെയിന്റിങ്ങുകളും ഉൾപ്പെടെ വിവിധ മാതൃകകളിലുള്ള മനോഹരമായ ഉൽപ്പന്നങ്ങളായിരുന്നു സ്റ്റാളിൽ പ്രദർശിപ്പിച്ചിരുന്നത്. കേരളത്തിൽ നിന്നുള്ള കരകൗശല പ്രവർത്തകരുടെ വിവിധങ്ങളായ മുള ഉത്പന്നങ്ങളായിരുന്നു സ്റ്റാളിലെ ശ്രദ്ധാകേന്ദ്രം. ദുബായ് എക്സ്പോയിൽ 2022 ഫെബ്രുവരി നാലാം തീയതി മുതൽ പത്താം തീയതി വരെ നടന്ന കേരള പവിലിയൻ കാഴ്ച്ചകൾക്ക് കൂടുതൽ കരുത്ത് പകരുന്നതായിരുന്നു മുള ഉത്പനങ്ങളുടെ പ്രദർശനം.


Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.